**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2191** **09-02-2023 - ൽ മറുപടിയ്ക്ക്**

**ശ്രുതി മധുരം, കാതോരം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ കാലയളവിൽ ശ്രുതി മധുരം, കാതോരം തുടങ്ങി വിവിധ പദ്ധതികൾ പ്രകാരം കേൾവി/സംസാരശേഷി ഇല്ലാത്ത എത്ര കുട്ടികൾക്ക് നാളിതുവരെ എന്തെല്ലാം ഉപകരണങ്ങളും സഹായങ്ങളും നൽകി വരുന്നുവെന്ന വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രുതിമധുരം പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. ശ്രുതിതരംഗം, കാതോരം പദ്ധതിയുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | ഇത്തരത്തിൽ അവശതകൾ ഉള്ള എത്ര കുട്ടികൾ സംസ്ഥാനത്തുണ്ടെന്നും അതിൽ തീവ്ര അവശത അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ എന്തെല്ലാം സഹായങ്ങളും ചികിത്സകളും നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (ബി) | സംസാര ഭാഷാ വൈകല്യം, കേൾവി വൈകല്യം എന്നിവയുള്ള 19 വയസ്സിൽ താഴെ പ്രായമുള്ള 16,191 കുട്ടികൾ ഉള്ളതായാണ് 2015 ലെ ഭിന്നശേഷി സെൻസസ്സ് പ്രകാരം കണ്ടെത്തിയിട്ടുള്ളത്. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ, റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്ററുകൾ എന്നിവ വഴി സംസാര ഭാഷാ വികസനത്തിനുള്ള തെറാപ്പികളും പരിശീലനങ്ങളും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

സാമൂഹ്യ നീതി വകുപ്പ് ശ്രുതിമധുരം എന്ന പദ്ധതി നടപ്പാക്കുന്നില്ല. 5 വയസിനു താഴെ പ്രായമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയും, 2 വർഷം നീണ്ടു നിൽക്കുന്ന ഓഡിയോ വെർബൽ തെറാപ്പിയും ചെയ്തു നൽകുന്ന ശ്രുതിതരംഗം പദ്ധതിയും, ശ്രുതി തരംഗം പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് സ്വന്തം നിലയിൽ സർജറി നടത്തിയ 25 വയസിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യമായി പ്രോസസ്സർ അപ്ഗ്രേഡ് ചെയ്തു നൽകുന്ന ധ്വനി പദ്ധതിയും കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നടപ്പാക്കി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ശ്രുതിതരംഗം പദ്ധതി പ്രകാരം 2021-22 വർഷം 96 ഗുണഭോക്താക്കൾക്കും 2022-23 വർഷം (2022 ഡിസംബർ 31 വരെ) 84 പേർക്കും സർജറി നടത്തിയിട്ടുണ്ട്. ധ്വനി പദ്ധതി പ്രകാരം 2021-22 വർഷം 37 പേർക്കും 2022-23 വർഷം (2022 ഡിസംബർ 31 വരെ) 30 പേർക്ക് സ്പീച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്തു നൽകിയിട്ടുണ്ട്. കാതോരം പദ്ധതി പ്രകാരം കേൾവി / സംസാരശേഷി ഇല്ലാത്ത കുട്ടികൾക്കായി നൽകിയ സേവനങ്ങൾ താഴെ പറയുന്നു.

**a. നവജാത ശിശുക്കളിലെ കേൾവി പരിശോധന**

കേൾവി വൈകല്യം നേരത്തെ കണ്ടെത്തുന്നതിനായി കേരളത്തിലെ സർക്കാർ പ്രസവ ആശുപത്രികളിൽ നവജാതശിശുക്കളുടെ കേൾവി പരിശോധനയ്ക്കായി സംവിധാനം ഒരുക്കിയിട്ടുണ്ട്. 2021-22 & 2022-23 വർഷങ്ങളിൽ 1,96,133 നവജാതശിശുക്കളുടെ സ്ക്രീനിംഗ് നടത്തുകയും ഇവരിൽ 13,102 ശിശുക്കളെ കൂടുതൽ പരിശോധനയ്ക്കായി ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ENT വിഭാഗം തുടങ്ങിയ സ്ഥലങ്ങളിലേക്ക് റഫർ ചെയ്തിട്ടുണ്ട്.

**b. ബ്രയിൻ സ്റ്റെം ഇവോക്ക് റെസ്പോൺസ് ഓഡിയോമെട്രി (BERA)**

കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനും തോത് കണ്ടെത്തുന്നതിനുമായുള്ള BERA പരിശോധനയ്ക്കായി, BERA ഉപകരണം കാതോരം പദ്ധതിയിലൂടെ എല്ലാ ജില്ലകളിലും നൽകിയിട്ടുണ്ട്. ഇതിലൂടെ 2021 -22 & 2022-23 ൽ 1100 പേരുടെ പരിശോധനകൾ പൂർത്തിയാക്കിയിട്ടുണ്ട്.

**C. ആഡിയോ വെർബൽ തെറാപ്പി**

പരിശോധനയിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ വേണ്ടി വരുന്ന കുട്ടികൾക്ക് കേരള സാമൂഹ്യ സുരക്ഷാമിഷന്റെ ശ്രുതിതരംഗം പദ്ധതി പ്രകാരം സർജറി നടത്തി വരുന്നു. ഈ കുട്ടികൾക്ക്  കോക്ലിയാർ ഇംപ്ലാന്റേഷന് മുൻപ് വേണ്ടി വരുന്ന പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും, കോക്ലിയാർ ഇംപ്ലാന്റേഷന് ശേഷം സംസാര ഭാഷാശേഷി കൈവരിക്കുന്നതിനുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പിയും നൽകുന്നതിനുള്ള ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ആഡിറ്ററി വെർബൽ തെറാപ്പി സെന്ററുകൾ കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ENT വിഭാഗത്തിലും, ഇരിങ്ങാലക്കുട നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷനിലും  സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിലെ ENT വിഭാഗത്തിൽ ഇത്തരത്തിലുള്ള ഒരു സെന്ററിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.